**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2097** **16-03-2022 - ൽ മറുപടിയ്ക്ക്**

**അച്ചടി വകുപ്പിലെ ഗസറ്റഡ് തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | 2019 ജനുവരി മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ അച്ചടി വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ സീനിയോറിറ്റി അടിസ്ഥാനത്തിൽ തന്നെയാണോ സ്ഥാനക്കയറ്റവും നിയമനവും സ്ഥലമാറ്റവും നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; അല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; തസ്തിക തിരിച്ചുള്ള വിശദാംശം നൽകുമോ; | (എ) | അച്ചടി വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഗസറ്റഡ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനങ്ങൾ വിശേഷാൽ ചട്ടങ്ങൾ, സീനിയോറിറ്റി, പൊതു വ്യവസ്ഥകൾ എന്നിവ പ്രകാരമാണ് നടത്തുന്നത്. സ്ഥലം മാറ്റങ്ങൾ മാനദണ്ഡ പ്രകാരവും ഭരണ സൗകര്യാർത്ഥവുമാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | 2020, 2021 എന്നീ വർഷങ്ങളിൽ ഗസറ്റഡ് തസ്തികകളിൽ ഒഴിവുകൾ വന്ന തീയതിയും പ്രസ്തുത ഒഴിവുകൾക്കായി ഡി.പി.സി. കൂടിയ തീയതിയും നിയമന ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ; | (ബി) | 2020, 2021 എന്നീ വർഷങ്ങളിൽ ഗസറ്റഡ് തസ്തികകളിൽ ഒഴിവുകൾ വന്ന തീയതിയും പ്രസ്തുത ഒഴിവുകൾക്കായി ഡി.പി.സി. കൂടിയ തീയതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. പ്രസ്തുത തസ്തികകളിലെ നിയമന ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു . |
| (സി) | 2020, 2021 എന്നീ വർഷങ്ങളിൽ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ അച്ചടി വകുപ്പിൽ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; തസ്തികകൾ തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ? | (സി) | അച്ചടി വകുപ്പിൽ 2020, 2021 വർഷങ്ങളിൽ പി.എസ്.സി മുഖേന നടന്ന നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>2020 ക്ലാർക്ക് - 10 ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് 2 - 1 ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് 2 – 1 ലാസ്കർ ഗ്രേഡ് 2 – 11 കൗണ്ടർ ഗ്രേഡ് 2 – 3 ഗേറ്റ് കീപ്പർ ഗ്രേഡ് 2 – 2 പായ്ക്കർ ഗ്രേഡ് 2 – 1 ബയന്റർ ഗ്രേഡ് 2 – 26 കമ്പ്യൂട്ടർ ഗ്രേഡ് 2- 1<br>2021 ക്ലാർക്ക് - 14 എൽ.ഡി ടൈപ്പിസ്റ്റ് - 7 ഓഫീസ്അറ്റൻഡൻറ്ഗ്രേഡ് 2 – 2 വാച്ച്മാൻ - 4 ലാസ്കർ ഗ്രേഡ് 2 – 18 കൗണ്ടർ ഗ്രേഡ് 2 – 4 പായ്ക്കർ ഗ്രേഡ് 2 – 3 കമ്പ്യൂട്ടർ ഗ്രേഡ് 2 – 2 |

സെക്ഷൻ ഓഫീസർ

**2020 , 2021 വർഷങ്ങളിലെ ഗസറ്റഡ് തസ്തികകളിൽ ഒഴിവുകൾ വന്ന തീയതിയും പ്രസ്തുത ഒഴിവുകൾക്കായി ഡി.പി.സി. കൂടിയ തീയതിയും**

| തസ്തിക | ഒഴിവ് വന്ന തീയതി/ ഒഴിവുകൾ | DPC കൂടിയ തീയതി |
|---|---|---|
| ഗവ.പ്രസ്സുകളുടെ സൂപ്രണ്ട് | 01.03.2020 - 1<br>01.06.2020 -1 | 18/02/20 |
| സീനിയർ സൂപ്രണ്ട്/DFO തത്തുല്യ തസ്തികകൾ | 01.03.2020 -1<br>01.04.2020 -1<br>01.05.2021 – 4<br>01.06.2021 - 2 | 14.02.2020<br>20.01.2021<br>01.06.2021 |
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 01.02.2021 – 1<br>13.04.2021 - 1<br>01.05.2021 - 1 | 21/05/21 |
| ഡെപ്യൂട്ടി സൂപ്രണ്ട് | 01.02.2020 – 1<br>01.06.2020 –3<br>01.04.2021 - 1 | 19/06/20 |
| അസിസ്റ്റന്റ് സൂപ്രണ്ട് | 09.01.2020 – 1<br>10.05.2020 – 1<br>19.06.2020 - 3 | 25/06/20 |
| അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രോണിക്സ്) | 01.02.2020 - 1 | 13/02/20 |

251

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം - അച്ചടി വകുപ്പ് - തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ടായ (കോൺഫിഡൻഷ്യൽ) ശ്രീ.വി.എസ്. പ്രദീപിനെ അച്ചടി വകുപ്പിലെ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടായി നിയമിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്

**സ.ഉ.(സാധാ) നം.432/2020/ഉ.വി.വ** തീയതി,തിരുവനന്തപുരം, 16/03/2020

---

പരാമർശം:- 1 03.02.2020 ലെ സ ഉ(സാധാ) 206/2020/ഉ .വി .വ നമ്പർ സർക്കാർ ഉത്തരവ്.

2 05.03.2020 ലെ സ.ഉ.(പി) 15/2020/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

3 അച്ചടി വകുപ്പ് ഡയറക്ടറുടെ 06/03/2020 തീയതിയിലെ 215/2018/ഇ8/ഡിപി നമ്പർ കത്ത്.

**ഉത്തരവ്**

അച്ചടി വകുപ്പിലെ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് ശ്രീമതി.എം.ജി.ഷീല 31/01/2020ൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ തസ്തികയിൽ നിയമനം നടത്തുന്നതു വരെ അച്ചടി വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ സീനിയറും നിലവിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ (കോൺഫിഡൻഷ്യൽ) ഡെപ്യൂട്ടി സൂപ്രണ്ടുമായ ശ്രീ. വി.എസ്. പ്രദീപിന് ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

അച്ചടിവകുപ്പിലെ,ഗവൺമെൻറ് പ്രസ്സുകളുടെ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് യോഗ്യതയുള്ളതും, പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധികരിച്ച സെലക്റ്റ് ലിസ്റ്റിലെ ഒന്നാം പേരുകാരനും, നിലവിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ (കോൺഫിഡൻഷ്യൽ) ഡെപ്യൂട്ടി സൂപ്രണ്ടുമായ ശ്രീ. വി.എസ്. പ്രദീപിനെ, ഗവ. പ്രസ്സുകളുടെ സൂപ്രണ്ടായി ടി തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കണമെന്ന് അച്ചടി വകുപ്പ് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടി വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിലവിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ (കോൺഫിഡൻഷ്യൽ ) ഡെപ്യൂട്ടി സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്ന ശ്രീ. വി.എസ്. പ്രദീപിനെ, ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ആർ താരാ ദേവി**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ് :
അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. വി.എസ്.പ്രദീപ്, ഡെപ്യൂട്ടി സൂപ്രണ്ട്( (കോൺഫിഡന്റൽ) ,തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ, I & PRD.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**File No.HEDN-H1/14/2020-HEDN**

"ഭരണഭാഷ-മാതൃഭാഷ"

261

**കേരള സർക്കാർ**

150 YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം - അച്ചടി വകുപ്പ് - കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ടായ ശ്രീ. എ. സലീമിനെ അച്ചടി വകുപ്പിലെ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടായി നിയമിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്

**സ.ഉ.(സാധാ) നം.674/2020/ഉ.വി.വ** തീയതി, തിരുവനന്തപുരം, 27/05/2020

പരാമർശം:- 1) 16.03.2020ലെ സ.ഉ.(സാധാ) 432/2020/ഉ.വിവ. നമ്പർ സർക്കാർ ഉത്തരവ്.

2) 05.03.2020ലെ സ.ഉ.(പി) 15/2020/ഉ.വിവ. നമ്പർ സർക്കാർ ഉത്തരവ്.

3) അച്ചടി വകുപ്പ് ഡയറക്ടറുടെ 11/05/2020 തീയതിയിലെ 215/2018/ഇ8/ഡിപി നമ്പർ കത്ത്.

27/5/2020

**ഉത്തരവ്**

അച്ചടി വകുപ്പിലെ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് ശ്രീമതി. എം.ജി. ഷീല 31/01/2020ൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ അച്ചടി വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ സീനിയറും തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ (കോൺഫിഡന്റൽ) ഡെപ്യൂട്ടി സൂപ്രണ്ടുമായ ശ്രീ. വി.എസ്. പ്രദീപിനെ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടായി നിയമനം നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടായ ശ്രീ. വി.എസ്. പ്രദീപ് 31/05/2020ൽ സേവനത്തിൽ നിന്നും വിരമിക്കുന്ന സാഹചര്യത്തിൽ, പരാമർശം (2) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിലെ രണ്ടാം പേരുകാരനും, നിലവിൽ കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ടുമായ ശ്രീ. എ. സലീമിനെ ഗവ. പ്രസ്സുകളുടെ സൂപ്രണ്ടായി നിയമിക്കണമെന്ന് അച്ചടി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടി വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടായ ശ്രീ. വി.എസ്. പ്രദീപ് 31/05/2020ൽ സേവനത്തിൽ നിന്നും വിരമിക്കുന്ന ഒഴിവിലേക്ക് ,നിലവിൽ കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ടായ ശ്രീ. എ. സലീമിനെ ഗവ.പ്രസ്സുകളുടെ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ താരാ ദേവി**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ് :-

അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. എ. സലീം, ഡെപ്യൂട്ടി സൂപ്രണ്ട്, കോഴിക്കോട് ഗവൺമെന്റ് പ്രസ്സ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ, I & PRD
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by BINDU R B
Date: 2020.05.27 15:21:40
Reason: Approved

സെക്ഷൻ ഓഫീസർ

2263

അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ, എ. ജെയിംസ് രാജ്)

തിരുവനന്തപുരം,

നം. 222/17/ഇ8/ഡിപി

തീയതി 20/10/2020

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം -കേരള സർക്കാറിന്റെ 20/10/2020 ലെ 2474 നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിച്ച സെലക്ട്ലിസ്റ്റ്.

## ഉത്തരവ്

അച്ചടിവകുപ്പിൽ വിവിധ സർക്കാർ പ്രസ്സുകളിൽ നിലവിലുള്ള അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിലേക്ക് 36600-79200 രൂപ ശമ്പള നിരക്കിൽ താഴെപറയുന്ന ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി താഴെ പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക | നിയമിക്കപ്പെട്ട കാര്യാലയം/തസ്തിക |
|---|---|---|
| 1 | ശ്രീമതി. സി.ആർ. പ്രജിത<br>ഹെഡ്കംപ്യൂട്ടർ | അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ)<br>ഗവ. പ്രസ്സ്, ഷൊർണ്ണൂർ |
| 2 | ശ്രീ. അബ്ദുൾ സലാം.എം.<br>ജനറൽ ഫോർമാൻ | അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ)<br>ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം |
| 3 | ശ്രീ. ബിനേഷ് കുമാർ. എസ്<br>ജനറൽ ഫോർമാൻ | അസിസ്റ്റന്റ് സൂപ്രണ്ട്<br>സെൻട്രൽ പ്രിസൺ പ്രസ്സ്, തിരുവനന്തപുരം |
| 4 | ശ്രീ. ഹരി. എസ്.<br>ജനറൽ ഫോർമാൻ | അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ)<br>ഗവ. പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം. |
| 5 | ശ്രീ. കൃഷ്ണകുമാർ. ജെ.യു.<br>ജനറൽ ഫോർമാൻ | അസിസ്റ്റന്റ് സൂപ്രണ്ട്(ഷിഫ്റ്റ്)<br>ഗവ. സെൻട്രൽപ്രസ്സ്, തിരുവനന്തപുരം |
| 6. | ശ്രീ. അനസ് അലിയാർ<br>ജനറൽ ഫോർമാൻ | അസിസ്റ്റന്റ് സൂപ്രണ്ട്<br>ഗവ. പ്രസ്സ്, കണ്ണൂർ. |
| 7. | ശ്രീ. ജയപ്രകാശ് എം. പി.<br>ജനറൽ ഫോർമാൻ | അസിസ്റ്റന്റ് സൂപ്രണ്ട്(ഷിഫ്റ്റ്)<br>ഗവ. പ്രസ്സ്, ഷൊർണ്ണൂർ. |
| 8. | നെവിൽ സെബാസ്റ്റ്യൻ<br>ജനറൽ ഫോർമാൻ | അസിസ്റ്റന്റ് സൂപ്രണ്ട്<br>ഗവ. പ്രസ്സ്, എറണാകുളം. |

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ ടിയാളുകളെ നിയമിച്ച കാര്യാലയങ്ങളിൽ ജോലിയിൽ പ്രവേശിക്കണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ആഫീസ് മേധാവികൾ വിടുതൽ ചെയ്യേണ്ടതാണ്.

പ്രസ്തുത ജീവനക്കാർക്ക് നിയമാനുസൃതമായ ചേരുംകാലത്തിനും യാത്രാബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-

അച്ചടിവകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക്,

പകർപ്പ്:- സെക്രട്ടറി പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി, ഉന്നതവിദ്യാഭ്യാസ(എച്ച്) വകുപ്പ്.
അച്ചടിവകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സി.എ./അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട് ഇ2./കരുതൽഫയൽ/ആഫീസ് കോപ്പി.
ഡി.ടി.ഒ./എസ്.ടി.ഒ./ തിരുവനന്തപുരം, കുടപ്പനക്കുന്ന്, കണ്ണൂർ, ഷൊർണ്ണൂർ, എറണാകുളം.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസം - അച്ചടി വകുപ്പ് - ജീവനക്കാര്യം - അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ സ്ഥലമാറ്റം /സ്ഥാനക്കയറ്റം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്**

**സ.ഉ.(സാധാ) നം.708/2021/ഉ.വി.വ** തീയതി,തിരുവനന്തപുരം, 29/05/2021

---

പരാമർശം:- 1 26.05.2021 ലെ സ.ഉ(പി) 20/2021/ഉ.വി.വ നമ്പർ ഉത്തരവ്.

2 അച്ചടി വകുപ്പ ഡയറക്ടറുടെ 27.05.2021 ലെ 52/2021/ഇ8/ ഡി.പി.(1) നമ്പർ കത്ത്

**ഉത്തരവ്**

അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് യോഗ്യതയുള്ള ഉദ്യോഗസ്ഥരുടെ 2021 വർഷത്തിലെ സെലക്ട്ലിസ്റ്റ് പരാമർശിത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27.05.2021 ലെ 1639 നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനമായി ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും എറണാകുളം ഗവണ്മെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറീവ് അസിസ്റ്റന്റ് ശ്രീ.എസ്. മുരളീധരൻ ഷൊർണ്ണൂർ ഗവണ്മെന്റ് പ്രസ്സിലേയ്ക്ക് സ്ഥലമാറ്റം നൽകണമെന്ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ അച്ചടി വകുപ്പിലെ അഡ്മിനിസ്റ്റ്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ഉദ്യോഗക്കയറ്റം/സ്ഥലമാറ്റം നൽകുന്നതിനുള്ള നടപടികൾ സീകരിക്കണമെന്നു പരാമർശിത കത്ത് പ്രകാരം അച്ചടി വകുപ്പ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അച്ചടി വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ,അച്ചടി വകുപ്പിനു കീഴിലുള്ള ഷൊർണ്ണൂർ ഗവണ്മെന്റ് പ്രസ്സിൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവിൽ,എറണാകുളം ഗവണ്മെന്റ് പ്രസ്സിലെ നിലവിലെ അഡ്മിനിസ്ട്രേറീവ് അസിസ്റ്റന്റ് ശ്രീ.എസ്.മുരളീധരന് സ്ഥലമാറ്റം നൽകിക്കൊണ്ടും പരാമർശിത ഉത്തരവ് പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ സീനിയറായ തിരുവനന്തപുരം ജില്ലാ ഫോറം ഓഫീസർ ശ്രീ.കെ.എൽ.അശോക് കുമാറിനു തിരുവനന്തപുരം ഗവണ്മെന്റ് സെൻട്രൽ പ്രസ്സിലെ നിലവിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവിലേയ്ക്കും,ടി സെലക്ട് ലിസ്റ്റിലെ രണ്ടാമനായ ആലപ്പുഴ ജില്ലാ ഫോറം ഓഫീസർ ശ്രീ.ബി. ഹരികുമാറിനു, ശ്രീ .എസ്. മുരളീധരനു സ്ഥലമാറ്റം നൽകിയ ഒഴിവിൽ എറണാകുളം ഗവണ്മെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കും സ്ഥാനക്കയറ്റം നൽകി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ താരാ ദേവി**

**അഡിഷണൽ സെക്രട്ടറി**

---

പകർപ്പ് :

ശ്രീ.എസ്.മുരളീധരൻ, അഡ്മിനിസ്ട്രേറീവ് അസിസ്റ്റന്റ്,ഗവണ്മെന്റ് പ്രസ്സ്, എറണാകുളം.( അച്ചടി വകുപ്പ് ഡയറക്ടർ മുഖാന്തിരം)

ശ്രീ. കെ.എൽ .അശോക് കുമാർ , ജില്ലാ ഫോറം ഓഫീസർ, തിരുവനന്തപുരം.

(അച്ചടി വകുപ്പ് ഡയറക്ടർ മുഖാന്തിരം).

ശ്രീ.ബി.ഹരികുമാർ,ജില്ലാ ഫോറം ഓഫീസർ, ആലപ്പുഴ.(അച്ചടി വകുപ്പ് ഡയറക്ടർ മുഖാന്തിരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസം - അച്ചടി വകുപ്പ് - ജീവനക്കാര്യം - അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.709/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 29/05/2021

പരാമർശം:- 1 26.05.2021 ലെ സ.ഉ(പി)19/2021/ഉ.വി.വ നമ്പർ ഉത്തരവ്.

2 അച്ചടി വകുപ്പ ഡയറക്ടറുടെ 27/05/2021 ലെ 52/2021/ഇ8/ ഡി.പി.(2) നമ്പർ കത്ത്.

**ഉത്തരവ്**

അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് യോഗ്യതയുള്ള ഉദ്യോഗസ്ഥരുടെ 2021 വർഷത്തിലെ സെലക്ട് ലിസ്റ്റ് പരാമർശിത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27.05.2021 ലെ 1640 നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനമായി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ആയതിനാൽ അച്ചടി വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നു പരാമർശിത കത്ത് പ്രകാരം അച്ചടി വകുപ്പ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അച്ചടി വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേയ്ക്കു, പരാമർശിത ഉത്തരവ് പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ സീനിയറായ എറണാകുളം ഗവർമെൻറ് പ്രസ്സിലെ ജില്ലാ ഫോറം ഓഫീസർ ശ്രീ.സി.ജി.ജോസഫിനെ അച്ചടി വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം സെൻട്രൽ പ്രസ്സിൽ നിലവിലുള്ള അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ ഒഴിവിലേയ്ക്കു സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ താരാ ദേവി**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:

അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ.സി.ജി.ജോസഫ്,ജില്ലാ ഫോറം ഓഫീസർ, ഗവണ്മെന്റ് പ്രസ്സ്, എറണാകുളം (അച്ചടി വകുപ്പ് ഡയറക്ടർ മുഖാന്തിരം )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>ഭരണഭാഷ-മാതൃഭാഷ</u>

# അച്ചടിവകുപ്പ് ഡയറ[illegible]ടറുടെ നടപടികൾ

(ഹാജർ: [illegible]ു. ബി.)

തിരുവനന്തപുരം,

നമ്പർ 55/2021/ഇ8/ഡി.പി. തീയതി 16.06.2021.

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - മിനിസ്റ്റീരിയൽ വിഭാഗം സീനിയർ സൂപ്രണ്ട്/ജില്ലാ ഫോറം ഓഫീസർ തത്തുല്യ തസ്തികയിലേക്ക് സ്ഥലംമാറ്റം/സ്ഥാനക്കയറ്റം എന്നിവ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. സർക്കാരിന്റെ 28.11.1966 ലെ ജി.ഒ.(പി) നം.464/66/പിഡി നമ്പർ ഉത്തരവ്.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 10.02.2021-ലെ 225/2017/ഇ8/ഡിപി നമ്പർ ഉത്തരവ്.
3. പ്രിന്റിംഗ് & സ്റ്റേഷനറി സെക്രട്ടറിയുടെ 14/06/2021-ലെ 113/എച്ച്3/2021/ഉ.വി.വ.നമ്പർ കത്ത്.
4. കേരള സർക്കാരിന്റെ 14/06/2021-ലെ 1769 നമ്പർ അസാധാരണ ഗസറ്റ്.
5. അച്ചടി വകുപ്പ് ഡയറക്ടറുടെ 29.05.2021 ലെ 52/2021/ഇ8/ ഡിപി(1) നമ്പർ ഉത്തരവ്.
6. അച്ചടി വകുപ്പ് ഡയറക്ടറുടെ 29.05.2021 ലെ 52/2021/ഇ8/ ഡിപി(2) നമ്പർ ഉത്തരവ്.
7. അച്ചടിവകുപ്പ് ഡയറക്ടറുടെ 29.05.2021ലെ 55/2021/ഇ8/ ഡിപി(1) നമ്പർ ഉത്തരവ്.
8. അച്ചടിവകുപ്പ്ഡയറക്ടറുടെ 29.05.2021 ലെ 55/2021/ഇ8/ ഡിപി(2) നമ്പർ ഉത്തരവ്.
9. മലപ്പുറം ജില്ലാ ഫോറം സ്റ്റോർ, ജില്ലാ ഫോറം ഓഫീസർ ശ്രീമതി. എസ്. എസ്. സിന്ധു സമർപ്പിച്ച 24.03.2021 തീയതിയിലെ അപേക്ഷ.
10. കൊല്ലം ജില്ലാ ഫോറം സ്റ്റോർ, ജില്ലാ ഫോറം ഓഫീസർ ശ്രീ. എസ്. ബൈജു സമർപ്പിച്ച 26.04.2021 തീയതിയിലെ അപേക്ഷ.
11. പത്തനംതിട്ട ജില്ലാ ഫോറം സ്റ്റോർ, ജില്ലാ ഫോറം ഓഫീസർ ശ്രീ. പി. രാമചന്ദ്രൻ നായർ സമർപ്പിച്ച 04.05.2021 തീയതിയിലെ അപേക്ഷ.
12. എറണാകുളം ഗവ. പ്രസ്സ് ജൂനിയർ സൂപ്രണ്ട് ശ്രീ. എം. ജി. സജിത്ത് കുമാർ സമർപ്പിച്ച 21.05.2021 തീയതിയിലെ അപേക്ഷ.
13. വാഴൂർ ഗവ. പ്രസ്സ് സീനിയർ സൂപ്രണ്ട് ശ്രീ. വി. ആർ. പ്രശാന്ത് കുമാർ സമർപ്പിച്ച 27.05.2021 തീയതിയിലെ അപേക്ഷ.
14. തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സ് ജൂനിയർ സൂപ്രണ്ട് ശ്രീമതി പ്രിയ എസ്. നായർ സമർപ്പിച്ച 02.06.2021 തീയതിയിലെ അപേക്ഷ.
15. തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സ് ജൂനിയർ സൂപ്രണ്ട് ശ്രീമതി ശ്രീദേവി ആർ. നായർ സമർപ്പിച്ച 03.06.2021 തീയതിയിലെ അപേക്ഷ.

16. തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സ് ജൂനിയർ സൂപ്രണ്ട് ശ്രീമതി എസ്. എസ്. ജയശ്രീ സമർപ്പിച്ച 07.06.2021, 16.06.2021 എന്നീ തീയതികളിലെ അപേക്ഷകൾ.

17. തിരുവനന്തപുരം സർക്കാർ മുദ്ര നിർമ്മാണശാല ജൂനിയർ സൂപ്രണ്ട് ശ്രീമതി പി. എസ്. ഷീജ സമർപ്പിച്ച 11.06.2021 തീയതിയിലെ അപേക്ഷ.

## ഉത്തരവ്

അച്ചടി വകുപ്പിലെ തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിലെ ഓഫീസ് മാനേജർ ശ്രീമതി എം. എസ്. ഗീത, മണ്ണന്തല ഗവ. പ്രസ്സിലെ സീനിയർ സൂപ്രണ്ട് ശ്രീ. എസ്. ജയകുമാർ, വയനാട് ഗവ. പ്രസ്സിലെ സീനിയർ സൂപ്രണ്ട് ശ്രീമതി പി. കെ. കോമളവല്ലി എന്നിവർ 30/04/2021-ന് സർവ്വീസിൽ നിന്നും അധിവർഷ പെൻഷൻപറ്റി വിരമിച്ചതിനാലും തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിലെ സീനിയർ സൂപ്രണ്ട് ശ്രീ. വി. എസ്. സന്തോഷ്കുമാർ, തൃശ്ശൂർ ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസർ ശ്രീ. കെ. സി. ബെന്നി എന്നിവർ 31/05/2021-ന് സർവ്വീസിൽ നിന്നും വിരമിച്ചതിനാലും അഞ്ച് ഒഴിവുകൾ നിലവിലുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസർ ശ്രീ. കെ. എൽ. അശോക് കുമാർ, ആലപ്പുഴ ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസർ ശ്രീ. ബി. ഹരികുമാർ എന്നിവർക്ക് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി പരാമർശം (5) പ്രകാരം നിയമനം നൽകി ഉത്തരവ് നൽകിയതിനാലും എറണാകുളം ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസർ ശ്രീ. സി. ജി. ജോസഫിന് തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിലെ അക്കൗണ്ട്സ് ഓഫീസറായി പരാമർശം (6) പ്രകാരം നിയമനം നൽകി ഉത്തരവ് നൽകിയതിനാലും മൂന്ന് ഒഴിവുകൾ കൂടി നിലവിലുണ്ട്.

മേൽ സാഹചര്യത്തിൽ അച്ചടി വകുപ്പിൽ സീനിയർ സൂപ്രണ്ട്/ജില്ലാ ഫോറം ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും ഭരണപരമായ സൗകര്യാർത്ഥം ചുവടെ പറയുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട്/ ജില്ലാ ഫോറം ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| *ക്രമ നം.* | *പേര്/ തസ്തിക നിലവിലെ കാര്യാലയം* | *സ്ഥാനക്കയറ്റം / സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം* | *ഒഴിവ് സംബന്ധിച്ച വിവരം* | *ഒഴിവിന്റെ സ്വഭാവം* |
|---|---|---|---|---|
| 1 | ശ്രീ. വി. ആർ. പ്രശാന്ത് കുമാർ<br>സീനിയർ സൂപ്രണ്ട്,<br>ഗവൺമെന്റ് പ്രസ്സ്,<br>വാഴൂർ, കോട്ടയം. | സ്ഥലംമാറ്റം<br>ജില്ലാ ഫോറം ഓഫീസർ<br>ജില്ലാ ഫോറം സ്റ്റോർ<br>എറണാകുളം | ശ്രീ. സി. ജി. ജോസഫിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ | അപേക്ഷാ പ്രകാരം |
| 2 | ശ്രീ. എസ്. ബൈജു<br>ജില്ലാ ഫോറം ഓഫീസർ,<br>ജില്ലാ ഫോറം സ്റ്റോർ,<br>കൊല്ലം. | സ്ഥലംമാറ്റം<br>ജില്ലാ ഫോറം ഓഫീസർ<br>ജില്ലാ ഫോറം സ്റ്റോർ<br>തിരുവനന്തപുരം | ശ്രീ. കെ. എൽ. അശോക് കുമാറിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ | അപേക്ഷാ പ്രകാരം |

| | | | | |
|---|---|---|---|---|
| 3 | ശ്രീ. വി. മദനകുമാർ,<br>ജൂനിയർ സൂപ്രണ്ട്,<br>ഗവൺമെന്റ് പ്രസ്സ്,<br>മണ്ണന്തല.<br>(നിലവിൽ ബഹു. വർക്കല MLA ശ്രീ വി. ജോയിയുടെ പേഴ്സണൽ അസിസ്റ്റന്റായി അന്യത്ര സേവന വ്യവസ്ഥ യിൽ തുടരുന്നു.) | സ്ഥാനക്കയറ്റം<br>സീനിയർ സൂപ്രണ്ട്<br>(51400-110300)<br>ഗവൺമെന്റ് പ്രസ്സ്<br>മണ്ണന്തല<br>(നിലവിൽ ബഹു. വർക്കല MLA ശ്രീ. വി. ജോയിയുടെ പേഴ്സണൽ അസിസ്റ്റന്റായി അന്യത്ര സേവന വ്യവസ്ഥയിൽ തുടരുന്നു.) | ശ്രീ. എസ്.<br>ജയകുമാർ<br>30-04-2021-ൽ<br>വിരമിച്ച ഒഴിവിൽ | ഭരണപരമായ സൗകര്യാർത്ഥം |
| 4 | ശ്രീമതി പ്രിയ എസ്. നായർ<br>ജൂനിയർ സൂപ്രണ്ട്,<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | സ്ഥാനക്കയറ്റം<br>സീനിയർ സൂപ്രണ്ട്<br>(51400-110300)<br>ഗവൺമെന്റ് പ്രസ്സ്<br>മണ്ണന്തല | ശ്രീ. വി.മദനകുമാർ<br>അന്യത്രസേവന<br>ത്തിൽ തുടരുന്ന<br>ഒഴിവിൽ | ഭരണപരമായ സൗകര്യാർത്ഥം |
| 5 | ശ്രീ. എം. ജി. സജിത്ത് കുമാർ,<br>ജൂനിയർ സൂപ്രണ്ട്,<br>ഗവൺമെന്റ് പ്രസ്സ്,<br>എറണാകുളം. | സ്ഥാനക്കയറ്റം<br>ജില്ലാ ഫോറം ഓഫീസർ<br>(51400-110300)<br>ജില്ലാ ഫോറം സ്റ്റോർ<br>തൃശ്ശൂർ | ശ്രീ.കെ.സി.ബെന്നി<br>31-05-2021-ൽ<br>വിരമിച്ച ഒഴിവിൽ | ഭരണപരമായ സൗകര്യാർത്ഥം |
| 6 | ശ്രീമതി ശ്രീദേവി ആർ. നായർ<br>ജൂനിയർ സൂപ്രണ്ട്,<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | സ്ഥാനക്കയറ്റം<br>ജില്ലാ ഫോറം ഓഫീസർ<br>(51400-110300)<br>ജില്ലാ ഫോറം സ്റ്റോർ<br>ആലപ്പുഴ | ശ്രീ. ബി. ഹരി<br>കുമാറിന് സ്ഥാന<br>ക്കയറ്റം നൽകിയ<br>ഒഴിവിൽ | ഭരണപരമായ സൗകര്യാർത്ഥം |
| 7 | ശ്രീമതി പി. എസ്. ഷീജ<br>ജൂനിയർ സൂപ്രണ്ട്,<br>സർക്കാർ മുദ്രനിർമ്മാണശാല,<br>തിരുവനന്തപുരം. | സ്ഥാനക്കയറ്റം<br>ജില്ലാ ഫോറം ഓഫീസർ<br>(51400-110300)<br>ജില്ലാ ഫോറം സ്റ്റോർ<br>കോഴിക്കോട് | ശ്രീമതി എസ്.<br>ആർ. ശ്രീകലയ്ക്ക്<br>സ്ഥലംമാറ്റം<br>നൽകിയ ഒഴിവിൽ | ഭരണപരമായ സൗകര്യാർത്ഥം |
| 8 | ശ്രീമതി എസ്. എസ്. ജയശ്രീ,<br>ജൂനിയർ സൂപ്രണ്ട്,<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | സ്ഥാനക്കയറ്റം<br>ജില്ലാ ഫോറം ഓഫീസർ<br>(51400-110300)<br>ജില്ലാ ഫോറം സ്റ്റോർ<br>കൊല്ലം | ശ്രീ. എസ്.<br>ബൈജുവിന്<br>സ്ഥലംമാറ്റം<br>നൽകിയ ഒഴിവിൽ | ഭരണപരമായ സൗകര്യാർത്ഥം |

എറണാകുളം ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസറായി സ്ഥലംമാറ്റ നിയമനം ലഭിച്ച വാഴൂർ ഗവൺമെന്റ് പ്രസ്സിലെ സീനിയർ സൂപ്രണ്ട് ശ്രീ. വി. ആർ പ്രശാന്ത്കുമാർ നിലവിൽ വഹിച്ചു വരുന്ന വാഴൂർ ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതലയും സീനിയർ സൂപ്രണ്ടിന്റെ ചുമതലയും കോട്ടയം ജില്ലാ ഫോറം ഓഫീസർ ശ്രീമതി എ. എസ്. ഷീലയ്ക്ക് കൈമാറേണ്ടതും നിലവിൽ എറണാകുളം ജില്ലാ ഫോറം ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന എറണാകുളം ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീമതി ആർ. രശ്മിയിൽ നിന്നും എറണാകുളം ജില്ലാ ഫോറം ഓഫീസറുടെ ചുമതല ഏറ്റെടുക്കേണ്ടതാണ്.

തിരുവനന്തപുരം ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസറായി സ്ഥലംമാറ്റ നിയമനം ലഭിച്ച കൊല്ലം ജില്ലാ ഫോറം ഓഫീസർ ശ്രീ. വി. എസ്. ബൈജു നിലവിൽ വഹിച്ചു വരുന്ന ജില്ലാ ഫോറം ഓഫീസറുടെ പൂർണ്ണ അധിക ചുമതല കൊല്ലം ജില്ലാ ഫോറം

ഓഫീസറായി സ്ഥാനക്കയറ്റ നിയമനം ലഭിച്ച ശ്രീമതി എസ്. എസ്. ജ... കൈമാറേണ്ടതും നിലവിൽ തിരുവനന്തപുരം ജില്ലാ ഫോറം ഓഫീസറുടെ പൂർണ്ണ ... ചുമതല വഹിക്കുന്ന മണ്ണന്തല ഗവൺമെന്റ് പ്രസ്സ് അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീ. എസ്. ഹരിയ... നിന്നും തിരുവനന്തപുരം ജില്ലാ ഫോറം ഓഫീസറുടെ ചുമതല ഏറ്റെടുക്കേണ്ടതാണ്.

തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി പ്രിയ എസ്. നായർ നിലവിൽ മണ്ണന്തല ഗവൺമെന്റ് പ്രസ്സ് സീനിയർ സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന മണ്ണന്തല ഗവൺമെന്റ് പ്രസ്സ് അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീ. എസ്. ഹരിയിൽ നിന്നും ചുമതല ഏറ്റെടുക്കേണ്ടതാണ്.

തൃശ്ശൂർ ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസറായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. എം. ജി. സജിത്ത്കുമാർ നിലവിൽ തൃശ്ശൂർ ജില്ലാ ഫോറം ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന തൃശ്ശൂർ ജില്ലാ ഫോറം സ്റ്റോറിലെ സീനിയർ ക്ലാർക്ക് ശ്രീ. കെ. ബി. രാജേഷിൽ നിന്നും ചുമതല ഏറ്റെടുക്കേണ്ടതാണ്.

ആലപ്പുഴ ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസറായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി ശ്രീദേവി ആർ. നായർ നിലവിൽ ആലപ്പുഴ ജില്ലാ ഫോറം ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന ആലപ്പുഴ ജില്ലാ ഫോറം സ്റ്റോറിലെ സീനിയർ ക്ലാർക്ക് ശ്രീ. എം. അരവിന്ദാക്ഷനിൽ നിന്നും ചുമതല ഏറ്റെടുക്കേണ്ടതാണ്.

കോഴിക്കോട് ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസറായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി പി. എസ്. ഷീജ നിലവിൽ കോഴിക്കോട് ജില്ലാ ഫോറം ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ. വി. ജയകുമാറിൽ നിന്നും ചുമതല ഏറ്റെടുക്കേണ്ടതാണ്.

സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള നടപടികൾ മേലധികാരികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് ചേരും കാലത്തിനും നിയമാനുസൃത യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ഒപ്പ്/.
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തികൾക്ക്.

പകർപ്പ്:- സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്/
എ.ജി. (എ&ഇ), കേരള, തിരുവനന്തപുരം.
അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം
ഡെപ്യൂട്ടി സൂപ്രണ്ട് ഗവ. പ്രസ്സ് മണ്ണന്തല/വാഴൂർ/എറണാകുളം/കോഴിക്കോട്/
ജില്ലാ ഫാറം ഓഫീസർ, ജില്ലാ ഫാറം സ്റ്റോർ, തിരുവനന്തപുരം/കൊല്ലം/കോട്ടയം/
എറണാകുളം/കോഴിക്കോട്/ തൃശ്ശൂർ/ഫാറം കൺട്രോളർ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/
സീനിയർ സൂപ്രണ്ട്/ അക്കൗണ്ട്സ് ഓഫീസർ/ ഓഫീസ് മാനേജർ/ജൂനിയർ സൂപ്രണ്ട്-ഇ1/
ഇ2/ ബി/ അക്കൗണ്ട്സ്, ഹെഡ് ക്ലാർക്ക് -ജിസിപി/ഇ2 സീറ്റ്/എ4/എ5
ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നതവിദ്യാഭ്യാസം - അച്ചടി വകുപ്പ് - അച്ചടി വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ട്, അസിസ്റ്റന്റ് സൂപ്രണ്ട് തസ്തിക - സ്ഥലംമാറ്റം, സ്ഥാനക്കയറ്റം നൽകി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.**930/2020/**ഉ.വി.വ തീയതി, തിരുവനന്തപുരം, 13/07/2020

പരാമർശം:- 1 എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ടായ ശ്രീ.സി.കെ പ്രേംശങ്കറിന്റെ 04.06.2020 ലെ അപേക്ഷ.

2 തിരുവനതപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീമതി.രശ്മി .ആറിന്റെ 11.06.2020 ലെ അപേക്ഷ.

3 19.06.2020ലെ 1509 ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം.

4 അച്ചടി വകുപ്പ് ഡയറക്ടറുടെ 23.06.2020 ലെ 221/2017/ഇ8/ഡിപി നമ്പർ കത്ത്.

<u>ഉത്തരവ്</u>

അച്ചടി വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ നിലവിലുള്ള ഒഴിവിലേക്ക് യോഗ്യരായ അസിസ്റ്റന്റ് സൂപ്രണ്ടുമാരുടെ 2020 വർഷത്തേക്കുള്ള സെലക്ട് ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും അച്ചടി വകുപ്പിൽ സുഗമായ പ്രവർത്തനങ്ങൾക്കായി ഉദ്യോഗ കയറ്റത്തിന് മുൻപ് പ്രധാന തസ്തികയിലേക്ക് സീനിയറായ ഡെപ്യൂട്ടി സൂപ്രണ്ടുമാരെ നിയമിക്കേണ്ടതിനാൽ അച്ചടി വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് ഉദ്യോഗസ്ഥർക്ക് സ്ഥലമാറ്റം / സ്ഥാനക്കയറ്റം എന്നിവ നടത്തുന്നതിന് അനുകൂലമായ ഉത്തരവുണ്ടാകണമെന്നു പരാമർശം (4) പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീ.സി.കെ പ്രേംശങ്കർ, പരാമർശം (1) പ്രകാരവും, തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീമതി.രശ്മി. ആർ, പരാമർശം (2) പ്രകാരവും സമർപ്പിച്ച അപേക്ഷയും അച്ചടിവകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു .

(2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) ലെ അച്ചടി വകുപ്പ് ഡയറക്ടറുടെ ശുപാർശ ,ശ്രീ.സി.കെ. പ്രേംശങ്കർ, ശ്രീമതി.രശ്മി ആർ. എന്നിവരുടെ അപേക്ഷ എന്നിവ പരിഗണിച്ചും, നിലവിൽ എറണാകുളം ഗവൺമെൻറ് പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ട് ആയ ശ്രീ.കെ.ജി.ത്യാഗിയെ തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ)ആയും തിരുവനന്തപുരം സർക്കാർ മുദ്ര നിർമ്മാണശാല ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ.ജെയിംസ് ഡേവിഡിനെ അച്ചടി വകുപ്പ് ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി സൂപ്രണ്ട് (എസ്&എസ്)ആയി സ്ഥലമാറ്റം നൽകികൊണ്ടും പരാമർശം (3) പ്രകാരമുള്ള സെലക്ട് ലിസ്റ്റിലെ ഒന്നാം പേരുകാരനും നിലവിൽ മണ്ണന്തല ഗവൺമെൻറ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ടുമായ ശ്രീ.വി.ജയകുമാറിനെ നിലവിലുള്ള ഒഴിവിൽ ടി പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ടായും, ശ്രീ.കെ.ജി.ത്യാഗിയ്ക്ക്സ്ഥാനമാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിലേയ്ക്ക് ടി സെലക്ട് ലിസ്റ്റിലെ രണ്ടാമത് പേരുകാരി ശ്രീമതി.ആർ.രശ്മിയെ

## File No.HEDN-H3/162/2020-HEDN

എറണാകുളം ഗവൺമെൻറ് പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ടായും ടി സെലക്റ്റ് ലിസ്റ്റിലെ മൂന്നാം പേരുകാരൻ ശ്രീ.സി.കെ. പ്രേംശങ്കറിനെ നിലവിലുള്ള ഒഴിവിൽ വാഴൂർ ഗവൺമെൻറ് പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ടായും ഉദ്യോഗസ്ഥക്കയറ്റം നൽകി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ താരാ ദേവി**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്.

അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ .കെ.ജി. ത്യാഗി, ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെൻറ് പ്രസ്സ്, എറണാകുളം.( അച്ചടി വകുപ്പ് ഡയറക്ടർ മുഖാന്തിരം)

ശ്രീ.ജെയിംസ് ഡേവിഡ്,ഡെപ്യൂട്ടി സൂപ്രണ്ട്,സർക്കാർ മുദ്ര നിർമ്മാണശാല തിരുവനന്തപുരം (അച്ചടി വകുപ്പ് ഡയറക്ടർ മുഖാന്തിരം)

ശ്രീ.വി. ജയകമാർ ,അസിസ്റ്റന്റ് ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെൻറ് പ്രസ്സ് ,മണ്ണന്തല.( അച്ചടി വകുപ്പ് ഡയറക്ടർ മുഖാന്തിരം )

ശ്രീ.സി.കെ.പ്രേംശങ്കർ,അസിസ്റ്റന്റ് ഡെപ്യൂട്ടി സൂപ്രണ്ട്,ഗവൺമെൻറ് പ്രസ്സ്, എറണാകുളം.( അച്ചടി വകുപ്പ് ഡയറക്ടർ മുഖാന്തിരം)

ശ്രീമതി.രശ്മി ആർ,അസിസ്റ്റന്റ് ഡെപ്യൂട്ടി സൂപ്രണ്ട്,ഗവൺമെൻറ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.(അച്ചടി വകുപ്പ് ഡയറക്ടർ മുഖാന്തി:ം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

വെബ്& ന്യൂമീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BINDU R.R
Date: 2020.07.13 15:38:09 IST
Reason: Approved
സെക്ഷൻ ഓഫീസർ

ഷ-മാതൃഭാഷ

**അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ. എ.ജയിംസ് രാജ്)**

തിരുവനന്തപുരം

നമ്പർ. 221/2017/ഇ 8/ഡിപി　　　　　　　　തീയതി. 15. 07.2020

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലെ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീ.സി.കെ.പ്രേംശങ്കറിന്റെ 04.06.2020-ലെ അപേക്ഷ.
2. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീമതി.രശ്മി.ആർ. ന്റെ 11.06.2020-ലെ അപേക്ഷ.
3. അച്ചടി വകുപ്പ് ഡയറക്ടറുടെ 23.06.2020-ലെ ഇതേ നമ്പർ കത്ത്.
4. 19.06.2020-ലെ 1509 നമ്പർ അസാധാരണ ഗസറ്റ്.
5. സ. ഉ. (സാധാ) നമ്പർ. 930/2020/ഉ.വി.വ. തീയതി. 13.07.2020.

**ഉത്തരവ്**

പരാമർശം (4) ലെ സെലക്റ്റ് ലിസ്റ്റിന്റെയും പരാമർശം (5) ലെ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ അച്ചടി വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം നൽകി താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്/തസ്തിക/കാര്യാലയം | സ്ഥലംമാറ്റം/ സ്ഥാനക്കയറ്റം | നിയമിക്കപ്പെടുന്ന കാര്യാലയം/ തസ്തിക/ ശമ്പള സ്കെയിൽ | ഒഴിവിന്റെ വിവരം |
|---|---|---|---|---|
| 1. | ശ്രീ.കെ.ജി.ത്യാഗി, ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ.പ്രസ്സ്, എറണാകുളം | സ്ഥലംമാറ്റം | ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | നിലവിലെ ഒഴിവിൽ |
| 2. | ശ്രീ.ജയിംസ് ഡേവിഡ്, ഡെപ്യൂട്ടി സൂപ്രണ്ട്, സർക്കാർ മുദ്ര നിർമ്മാണശാല, തിരുവനന്തപുരം | സ്ഥലംമാറ്റം | ഡെപ്യൂട്ടി സൂപ്രണ്ട് (എസ് & എസ്), ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | നിലവിലെ ഒഴിവിൽ |

| | | | | |
|---|---|---|---|---|
| 3. | ശ്രീ.വി.ജയകുമാർ, അസിസ്റ്റന്റ് സൂപ്രണ്ട്, ഗവ.പ്രസ്സ്, മണ്ണന്തല | സ്ഥാനക്കയറ്റം | ഡെപ്യൂട്ടി സൂപ്രണ്ട് , (45800-89000 രൂപ) ഗവ. പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം | നിലവിലെ ഒഴിവിൽ |
| 4. | ശ്രീമതി.രശ്മി.ആർ., അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ), ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | സ്ഥാനക്കയറ്റം | ഡെപ്യൂട്ടി സൂപ്രണ്ട് , (45800-89000 രൂപ) ഗവ. പ്രസ്സ്, എറണാകുളം | ശ്രീ.കെ.ജി.ത്യാഗിക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ |
| 5. | ശ്രീ.സി.കെ.പ്രേംശങ്കർ, അസിസ്റ്റന്റ് സൂപ്രണ്ട് ഗവ. പ്രസ്സ്, എറണാകുളം | സ്ഥാനക്കയറ്റം | ഡെപ്യൂട്ടി സൂപ്രണ്ട് , (45800-89000 രൂപ) ഗവ. പ്രസ്സ്, വാഴൂർ | നിലവിലെ ഒഴിവിൽ |

തിരുവനന്തപുരം സർക്കാർ മുദ്രനിർമ്മാണശാലയിലെ ഡെപ്യൂട്ടി സൂപ്രണ്ടായ ശ്രീ.ജയിംസ് ഡേവിഡ് തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ട് (എസ് & എസ്) ആയി സ്ഥലംമാറ്റം നൽകി നിയമിച്ച സാഹചര്യത്തിൽ തിരുവനന്തപുരം സർക്കാർ മുദ്രനിർമ്മാണശാലയിലെ ഡെപ്യൂട്ടി സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല ടി കാര്യാലയത്തിലെ ജനറൽ ഫോർമാനായ ശ്രീ.സുധീർ കുമാർ.കെ. വഹിക്കേണ്ടതാണ്.

തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ) ശ്രീ.വി.ജയകുമാർ ടി കാര്യാലയത്തിലെ തന്നെ ഡെപ്യൂട്ടി സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച സാഹചര്യത്തിൽ തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ) ന്റെ പൂർണ്ണ അധിക ചുമതല ടി കാര്യാലയത്തിലെ ജനറൽ ഫോർമാനായ ശ്രീ.ബാബു.വി.എം വഹിക്കേണ്ടതാണ്.

എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീ.സി.കെ.പ്രേംശങ്കർ വാഴൂർ ഗവൺമെന്റ് പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച സാഹചര്യത്തിൽ എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല ടി കാര്യാലയത്തിലെ ജനറൽ ഫോർമാനായ ശ്രീ.അനസ് അലിയാർ വഹിക്കേണ്ടതാണ്.

തിരുവനന്തപുരം സർക്കാർ മുദ്രനിർമ്മാണശാലയിലെ ഡെപ്യൂട്ടി സൂപ്രണ്ടായ ശ്രീ.ജയിംസ് ഡേവിഡ് തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ട് (എസ് & എസ്) ആയി സ്ഥലംമാറ്റം നൽകി നിയമിക്കുന്ന സാഹചര്യത്തിൽ ടിയാൻ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ട് (കോൺഫിഡൻഷ്യൽ) ന്റെ അധിക ചുമതല കൂടി വഹിക്കേണ്ടതാണ്.

തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ) ശ്രീമതി.രശ്മി.ആർ. എറണാകുളം ഗവൺമെന്റ് പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ടായി സ്ഥലാനക്കയറ്റം നൽകി നിയമിക്കുന്ന സാഹചര്യത്തിൽ തിരുവനന്തപുരം ഗവൺമെന്റ്

ഭരണഭാഷ - മാതൃഭാഷ

203

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ. മനു. ബി.)

തിരുവനന്തപുരം,

തീയതി: 29.05.2021

നമ്പർ: 52/2021/ഇ8/ഡി.പി(2)

വിഷയം:- അച്ചടി വകുപ്പ്-ജീവനക്കാര്യം-അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. 26.05.2021 ലെ സ.ഉ.(അച്ചടി) 19/2021/ഉവി.വ. നമ്പർ സർക്കാർ ഉത്തരവ്.

2. 27.05.2021 ലെ 1640 നമ്പർ പ്രകാരമുള്ള അസാധാരണ ഗസറ്റ് വിജ്ഞാപനം

3. അച്ചടി വകുപ്പ് ഡയറക്ടറുടെ 27.05.2021 ലെ 52/2021/ഇ8/ഡിപി(2) നമ്പർ കത്ത്.

4. 29.05.2021-ലെ സ.ഉ.(സാധാ) 709/2021/ഉവി.വ നമ്പർ സർക്കാർ ഉത്തരവ്.

### ഉത്തരവ്

പരാമർശം (4) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ എറണാകുളം ജില്ലാ ഫോറം ഓഫീസർ ശ്രീ.സി.ജി. ജോസഫിന് തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ നിലവിലുള്ള ഒഴിവിൽ അക്കൗണ്ട്സ് ഓഫീസറായി 59300-120900 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അക്കൗണ്ട്സ് ഓഫീസറായി സ്ഥാനക്കയറ്റ നിയമനം ലഭിച്ച എറണാകുളം ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസർ ശ്രീ. സി.ജി. ജോസഫ് നിലവിൽ വഹിച്ചു വരുന്ന ജില്ലാ ഫോറം ഓഫീസറുടെ പൂർണ്ണ അധിക ചുമതല എറണാകുളം ഗവ. പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീമതി. ആർ. രശ്മിക്ക് കൈമാറേണ്ടതും, നിലവിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അക്കൗണ്ട്സ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല നിർവ്വഹിച്ചുവരുന്ന കൺട്രോളർ ഓഫ് ഫോംസ് ശ്രീ. കെ. ഉണ്ണികൃഷ്ണനിൽ നിന്നും ടി ചുമതല ഉടൻ പ്രാബല്യത്തിൽ സ്വീകരിക്കുവാനും ഉത്തരവാകുന്നു.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥന് ചേരും കാലത്തിനും യാത്രാബത്തയ്ക്കുമുള്ള നിയമാനുസൃതമായ അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തികൾക്ക്,

സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്, ഗവ: സെക്രട്ടേറിയേറ്റ്, തിരു./

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം /

ജില്ല ട്രഷറി ഓഫീസർ, ജില്ല ട്രഷറി, കാക്കനാട്, എറണാകുളം / തിരുവനന്തപുരം

ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം /

ഡെപ്യൂട്ടി സൂപ്രണ്ട് ഗവ: പ്രസ്സ്, എറണാകുളം /

ജില്ല ഫോറം ഓഫീസർ, ജില്ലാ ഫോറം സ്റ്റോർ, എറണാകുളം.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ. / ഗവ. പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./
കൺട്രോളർ ഓഫ് ഫോംസ് / ഫിനാൻസ് ഓഫീസർ / അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ /
സീനിയർ സൂപ്രണ്ട് / ഓഫീസ് മാനേജർ / ജൂനിയർ സൂപ്രണ്ട്- ഇ II /എ1/എ2/എ3/എ5 സീറ്റ്/
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

ഭരണഭാഷ-മാതൃഭാഷ

119

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## (ഹാജർ. എ.ജയിംസ് രാജ്)

തിരുവനന്തപുരം

തീയതി. 05.06.2020

നമ്പർ. 924/2020/ഇ 8/ഡിപി

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രോണിക്സ്) തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സർക്കാരിന്റെ 21.05.2020-ലെ 10/എച്ച്1/2020/ഉ.വി.വ. നമ്പർ കത്ത്.
2. കേരള സർക്കാരിന്റെ 27.05.2020-ലെ 1273 നമ്പറായിട്ടുള്ള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റ് വിജ്ഞാപനം.

### ഉത്തരവ്

അച്ചടി വകുപ്പ് തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രോണിക്സ്) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ .കെ.റ്റി.തോമസ് 31.01.2020-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടി തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഒഴിവിലേയ്ക്ക് ചേർന്ന അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രോണിക്സ്) ന്റെ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) യുടെ സെലക്ട് ലിസ്റ്റ് പരാമർശം (2) പ്രകാരം അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രസ്തുത സെലക്ട് ലിസ്റ്റിലെ പേരുകാരനായ എറണാകുളം ഗവൺമെന്റ് പ്രസ്സിലെ സീനിയർ ഇലക്ട്രീഷ്യനായ ശ്രീ.എം.എസ്.രാമകൃഷ്ണനെ തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രോണിക്സ്) തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനരീതി മുഖേന സ്ഥാനക്കയറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരനെ ടിയാനെ നിയമിക്കപ്പെട്ട കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഉടൻതന്നെ വിടുതൽ ചെയ്യേണ്ടതുമാണ്. തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരന് ചേരുംകാലത്തിനും യാത്രാബത്തയ്ക്കുമുള്ള അർഹത നിയമാനുസൃതമായിരിക്കും.

ഒപ്പ്/-,

അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തിക്ക്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ. പ്രസ്സ്, എറണാകുളം./മണ്ണന്തല.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./ സീനിയർ സൂപ്രണ്ട്./ ജൂനിയർ സൂപ്രണ്ട്. ഇ II./ ഇ 9 സീറ്റ്./ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.

ജെ.എസ്.

സെക്ഷൻ ഓഫീസർ